(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.കെ.ഡി.പി.8/1816/2019

കെ.എസ്.എ.കെ.കെ.ഡി.പി10/ 2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:12.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കായണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കായണ്ണ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.കെ.ഡി.പി.8/1816/2019 തീയതി: 12.11.2019

**കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമ പഞ്ചായത്ത് 10-11-18 മുതൽ 22/10/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വാസുദേവൻ എം,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23/10/2019മുതൽ 01/11/2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ബാലകൃഷ്ണൻ കെ.എം<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. സതീഷ്കുമാർ സി.പി,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജീവൻ.എൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷാജി.ഇ.കെ.<br>ഓഡിറ്റർ ട്രെയിനി |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. എൻ. പദ്മജ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. പി. രാജീവൻ | 01.04.2017 മുതൽ 24.06.2018 വരെ |
| | ശ്രീ.ഷാജി എം.സ്റ്റീഫൻ | 25.06.2018 മുതൽ<br>31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി.പ്രസന്നകുമാരി അമ്മ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീ.അജിത് കുമാർ.ഇ. ടി | 01.04.2018 മുതൽ 06.03.2019 വരെ |
| | നീന പി | 07.03.2019 മുതൽ<br>31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഷെൽജ. പി | 01.04.2018 മുതൽ 13.08.2018 വരെ |
| | അബ്ദുൾ മജീദ് പി.സി | 14.08.2018മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ. ജീജ. കെ. എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. സിന്നീഷ്. പി | 01.04.2018മുതൽ<br>30.06.2018 വരെ |
| | ഡോ. റീന പാടിക് | 01.07.2018മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. മുഹമ്മദ് നവാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ. സജീഷ്. വി. കെ | 01.04.2018 മുതൽ 31.03.2019വരെ |
| | ശ്രീ.ബിജോഷ്. എസ്. ഡി | 01.04.2018മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സന്ധ്യ. കെ | 01.04.2018 മുതൽ 16.07.2018 വരെ |
| | | |

| | | |
|---|---|---|
| | ആരിഫ | 16.07.2018 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശിവദാസൻ | 01.04.2018 മുതൽ 31.03.2019വരെ |
| ഹെഡ് മാസ്റ്റർ | ശശി | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | ആഭ്യന്തര നിയന്ത്രണം | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-3 |
| 4 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-4 |
| 5 | തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും ഡിമാന്റ് ചെയ്തില്ല. | 1-5 |
| 6 | ബൈലോ ഉണ്ടാക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചില്ല. | 1-6 |
| 7 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 1-7 |
| 8 | പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഇല്ല. | 1-8 |
| 9 | വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-9 |
| 10 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച. | 1-10 |
| 11 | സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച. | 1-11 |
| 12 | എസ്.സി വിവാഹധനസഹായം - ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പദ്ധതി നടപ്പാക്കി | 1-12 |
| 13 | അങ്കണവാടികളിൽ ഡൊമസ്റ്റിക് ഗ്യാസ് കണക്ഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല. | 1-13 |
| 14 | ചെറുകിടവ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല. | 1-14 |
| 15 | ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് കച്ചവട സ്ഥാപനങ്ങളിൽ പരിശോധന | 1-15 |

| | | |
|---|---|---|
| | നടത്തുന്നതിന് വാഹന വാടക നൽകുന്നതിന് പദ്ധതിപ്പണം വിനിയോഗിക്കുന്നു. | |
| 16 | ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനം - ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-16 |
| 17 | വികസന ഫണ്ട് തനത് ഫണ്ടിലേക്ക് മാറ്റി. | 1-17 |
| 18 | കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം പഞ്ചായത്തിനു നഷ്ടം സംഭവിച്ചു. | 1-18 |
| 19 | പൊതുമരാമത്ത് പദ്ധതികൾ : മോണിറ്ററിംഗ് ഫലപ്രദമല്ല. | 1-19 |
| 20 | എസ്.എസ്.എ -ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല | 1-20 |
| 21 | വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകി. പഞ്ചായത്തിനു നഷ്ടം സംഭവിക്കുന്നു. | 1-21 |
| 22 | ഗുണഭോക്തൃ സമിതി മുഖേനെയുള്ള പ്രവൃത്തികൾ: അപാകതകൾ | 1-22 |
| | **ഭാഗം - 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 23 | ഇല്ല | |
| | **ഭാഗം - 3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 24 | ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് വാഹന വാടക നൽകുന്നതിന് പദ്ധതിപ്പണം വിനിയോഗിക്കുന്നു. | 3-1 |
| | **ഭാഗം - 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 25 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 26 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 27 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 31 | ഓഡിറ്റ് റിക്കവറി | 4-7 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-8 |

| | | |
|---|---|---|
| | വിശദാംശം | |
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 17.03.2018 ലെ 1 ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25.01.2019ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 146402700 രൂപയും പ്രതീക്ഷിത ചെലവ് 147765200 രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 64493278 രൂപയും യഥാർത്ഥ ചെലവ് 61621877 രൂപയുമാണ്. ആവശ്യമായ തയ്യാറെടുപ്പുകളോടെയല്ല ബജറ്റ് തയ്യാറാക്കിയതെന്ന് കണക്കുകളുടെ വ്യത്യാസത്തിൽനിന്ന് വ്യക്തമാണ്. 09.03.2018 നാണ് ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ബജറ്റ് അംഗീകരിച്ചത്. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച ബജറ്റ് നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച് ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. ബജറ്റ് എന്നത് വെറും വരവ് ചെലവുകളുടെയും സംഖ്യകളുടെയും യാന്ത്രികമായ പ്രയോഗം എന്നതിനപ്പുറം ഒരു സ്ഥാപനത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു പ്രതീക്ഷിത രേഖയാണ്. ബജറ്റ് കൃത്യമായ കണക്കുകളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.

# 1-2 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ഇതു സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിവരാവകാശ രജിസ്റ്ററിൽ മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്താത്ത കേസുകൾ കാണുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് ഡാറ്റാശേഖരണം നടത്തി സമഗ്രമായി തയ്യാറാക്കിയിട്ടില്ല. സഞ്ചയ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 595വാണിജ്യ കെട്ടിടങ്ങളുണ്ട്. എന്നാൽ 107 സ്ഥാപനങ്ങൾ (123 കെട്ടിടങ്ങളിലെ) മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണയിച്ച് നൽകിയിട്ടില്ല. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ

ജീവനക്കാരിൽ നിന്നും ട്രേഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നുണ്ട്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ക്യാൻസൽ ചെയ്ത രശീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത കേസുകൾ കാണുന്നു. തനതുഫണ്ട് നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ ഏതൊക്കെ ഫണ്ടുകളാണ് സൂക്ഷിക്കുന്നത് എന്ന് കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾക്കായി തനതു ഫണ്ടിൽനിന്ന് ചെലവഴിച്ച തുകയിൽ 809747 രൂപ 31.03.2019 ന് ക്രമപ്പെടുത്താൻ അവശേഷിക്കുന്നുണ്ട്.

# 1-3 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ താഴെപ്പറയുന്നവ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. കെട്ടിടനികുതി ( റെസി) തൻവർഷ വരവ് സഞ്ചയ പ്രകാരം 613724 രൂപയാണ്. എന്നാൽ ആർ.പി.43 പ്രകാരം ഇത് 613613 രൂപയാണ്.
2. ആസ്തികൾക്ക് ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ (1-17)(എ) ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ പൂർണമല്ല.
3. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-4 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ FTEAOS രജിസ്റ്റർ ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) <u>മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഫീസ് ഈടാക്കുന്നില്ല.</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള

പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 107അപേക്ഷകരിൽ നിന്നായി 33600/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

| | |
|---|---|
| 100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 528 |
| 100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 14 |
| 200 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളവ | 8 |
| വ്യവസായിക/ഇതര വ്യവസായ ആവശ്യത്തിനുള്ളത് | 15 |
| ആകെ | 565 |

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 565 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ 107 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് മേൽ വിവരങ്ങളിൽ നിന്നും സംശയിക്കേണ്ടിയിരിക്കുന്നു.

ഇക്കാര്യം പഞ്ചായത്ത് ഇതുവരെയും പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന എന്നതിലുപരി ജനങ്ങളുടെ ജീവനും സ്വത്തിനും, ആരോഗ്യത്തിനും ഹാനികരമാകും വിധം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഒഴിവാക്കുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ പോരായ്മയായി വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)<u>മുഴുവൻ ട്രേഡേഴ്സിനേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ്തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിക്കുന്നത്.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിനു 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

അപേക്ഷയിൽ, അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, കെട്ടിട നമ്പർ, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻ വർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവ്, സ്ഥാപനത്തിന്റെ പേര്എന്നിവ രേഖപ്പെടുത്തി എന്നും, മലിനീകരണ നിയന്ത്രണ ബോർഡോ വ്യവസായ വകുപ്പോ നൽകുന്ന സാക്ഷ്യപത്രം/ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. ജി.ഒ (ആർ.ടി)795/2007/ത.സ്വ.ഭ.വ (16.03.2007) പ്രകാരമുള്ള പ്ലാസ്റ്റിക് നിരോധന-സ്ഥല നാമ സാക്ഷ്യപത്രം ചേർക്കേണ്ടതുമാണ്. പരിശോധിച്ച ലൈസൻസ് അപേക്ഷകളിലൊന്നും തന്നെ മേൽ പരാമർശിച്ച പ്രകാരമുള്ള സാക്ഷ്യ പത്രങ്ങളൊന്നും ഉൾപ്പെടുത്തിയതായി കാണുന്നില്ല എന്നു മാത്രമല്ല ഇവയൊന്നുമില്ലാതെ തന്നെ അപേക്ഷിച്ച എല്ലാവർക്കും ലൈസൻസ് അനുവദിച്ചിട്ടുമുണ്ട്.

3) <u>ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല.</u>

2018-19 വർഷത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 107സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി

അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 മാർച്ച് മാസത്തിനുള്ളിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ 38 സ്ഥാപനങ്ങൾ മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | വ്യാപാരം | വാർഡ്/ കെട്ടിട നം | ലൈസൻസിന് അപേക്ഷിച്ച തിയ്യതി |
|---|---|---|---|---|
| 1 | അബ്ദുൾ ലത്തീഫ് | ഹാർഡ് വെയർ ഷോപ്പ് | XIII/90D, 90E | 1-6-2018 |
| 2 | രതീഷ്. എൻ | മെറ്റൽ ഇൻഡസ്ട്രിയൽ | XII/79 | 28-7-2018 |
| 3 | നിഖിൽ.കെ.എൻ | സിമന്റ്, കമ്പി വിൽപ്പന | IX/188 | 1-8-2018 |
| 4 | എൻ. രഘുദാസ് | ഓയിൽ &ഫ്ളോർമിൽ | XIII/91 | 19-9-2018 |
| 5 | ശിവദാസൻ.കെ.കെ | ഇലക്ട്രിക്കൽ&പ്ലംബിംഗ് ഹാർഡ് വെയർ | 1/272 | 15-10-2018 |

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 595 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തുകയും, ഫീൽഡ് തല അന്വേഷണത്തിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും, ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാൻ സ്ഥാപന ഉടമകൾക്ക് നിർദ്ദേശം നൽകുകയും 'ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ' ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതും/പുതുക്കുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

# 1-5 തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും ഡിമാന്റ് ചെയ്തില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ

പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത്രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205 ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽ ദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 565 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ ഒരു കെട്ടിടത്തിനു പോലും വേക്കൻസി റെമിഷൻ അനുവദിച്ചിട്ടില്ല എന്ന് സ്ഥാപനം സാക്ഷ്യപ്പെടുത്തുന്നു. അതായത് 565 കെട്ടിടങ്ങൾ നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് കാണാം. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 107 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ 107 ലൈസൻസുകൾ അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ 123 കെട്ടിടങ്ങളിലായാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 458 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ ഇല്ലാത്തതിനാൽ 565 ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാകാനിടയുണ്ട്.

സി) ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടി ക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക

ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അവയിൽ പ്രസ്താവിച്ച ജീവനക്കാരുടെ എണ്ണം പ്രകാരമുള്ള തൊഴിൽ നികുതി റിട്ടേൺ ഉടമകൾ സമർപ്പിച്ചതായോ1994-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം 205 ബി, 1996-ലെ തൊഴിൽ നികുതി ചട്ടം 13 എന്നിവ പ്രകാരമുള്ള നികുതി ഈടാക്കേണ്ട ജീവനക്കാരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടതായോ കാണുന്നില്ല. താഴെ കാണിച്ച ഉദാഹരണങ്ങൾ പ്രകാരമുള്ള സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായോ റിട്ടേൺ സമർപ്പിക്കാൻ ഉടമകളോട് ആവശ്യപ്പെട്ടതായോ കാണുന്നില്ല.

| ക്രമ നം | വാർഡ് നം | സ്ഥാപനം/ വ്യാപാരികളുടെ പേര് | വ്യാപാരം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 10/86,87,88 | അഖിൽ.കെ.പി | ഡിറ്റർജന്റ് പൗഡർ നിർമ്മാണ യൂണിറ്റ് | 13 |
| 2 | XIII/127 | സിന്ധു കൈതപ്പൊയിൽ | എെ.ടി യൂണിറ്റ് | 5 |
| 3 | 3/177 | സുഭിക്ഷ കോക്കനട്ട് പ്രോഡ്യൂസിംഗ് കമ്പനി | വെളിച്ചെണ്ണ ഉൽപാദനം | 10 |
| 4 | 1/296 | | ആയുർവേദ ഉൽപ്പന്നങ്ങളും ഭക്ഷ്യോൽപ്പന്നങ്ങളും നിർമ്മിച്ച് പാക്കിംഗ് | 9 |
| 5 | 13/1/45c | കുഞ്ഞിമൊയ്തീൻ | ബേക്കറി | 4 |
| 6 | 1/309 | പാലോസ് സ്റ്റീഫൻ | ഈർച്ചമിൽ | 3 |

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത

ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4. ട്രെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്കും ഹാജരാക്കേണ്ടതാണ്.

# 1-6 ബൈലോ ഉണ്ടാക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചില്ല.

കായണ്ണ ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്വപ്ന നഗരി, കടമുറി എന്നിവ വാടകയ്ക്ക് നൽകുന്നുണ്ട്. 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കി അംഗീകാരത്തിനായി നൽകിയിരുന്നെങ്കിലും ന്യൂനത പരിഹരിച്ച് നൽകുന്നതിനായി തിരിച്ചയച്ചു എന്നാണ് പരിശോധനയിൽ ബോധ്യപ്പെട്ടത്. ആയത് ന്യൂനത പരിഹരിച്ച് വീണ്ടും സമർപ്പിക്കുന്നതിനായുള്ള യാതൊരു നടപടിയും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം.3 പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കുകയും പാസ്സാക്കുകയും ചെയ്തതിനു ശേഷം സർക്കാരിലേക്കോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെയോ

അംഗീകാരത്തിനായി അയയ്ക്കേണ്ടതാണ്. അംഗീകരിച്ച ബൈലോ പ്രകാരവും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയും കെട്ടിട മുറികൾ വാടകയ്ക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

മേൽ അപാകതകക്ക് പരിഹരിക്കേണ്ടതാണ്.

# 1-7 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2018-19 വർഷത്തിൽ കായണ്ണ ഗ്രാമ പഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവുള്ളതായി കാണുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | സ്ഥാപനം | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ആയിഷ.പി | കായണ്ണ ഗ്രാമ പഞ്ചായത്ത് | 2018-19 ഒന്നാം അർദ്ധ വർഷം | 82488 | 750 | 600 | 150 |
| 2 | ജിഷ.പി | ജി.എച്ച്.എസ്.എസ്, കായണ്ണ | 2018-19 രണ്ടാം അർദ്ധ വർഷം | 99000 | 750 | 600 | 150 |
| 3 | സുബിന.സി.കെ | ടി | ടി | 97750 | 750 | 600 | 150 |
| 4 | നിഷ.ടി.വി | ടി | ടി | 74820 | 600 | 450 | 150 |
| | ആകെ | | | | | | 600 |

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുറവു വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ ആയത് നിർണ്ണയിച്ചത് അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1996 -ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള പട്ടിക അനുസരിച്ചാണോ എന്ന് ബന്ധപ്പെട്ട സെക്ഷൻ

പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാവുകയും ചെയ്യേണ്ടതാണ്.

# 1-8 (a) പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഇല്ല

സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്). ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യ കാര്യമല്ലാത്തതുകൊണ്ട് കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി ചുമത്തി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാതെ നികുതി ഇനത്തിൽ സ്ഥാപനത്തിന് നഷ്ടം സംഭവിക്കാൻ ഇടയാകുന്നു. മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തി, പെർമിറ്റുകൾ കെട്ടിട നിർമ്മാണ പൂർത്തീകരണം വരെ നിരീക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കാല പരിധി പിന്നിട്ട പെർമിറ്റുകളുടെ തത്സ്ഥിതി പരിശോധിക്കുന്നതിന് ഫീൽഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തേണ്ടതാണ്.

**(b) പെർമിറ്റ് ലഭ്യമാക്കാതെയും കെട്ടിട നിർമ്മാണം നടക്കുന്നു**

ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗുലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 36983/- രൂപയും 21989/- രൂപയുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയുടെ വേണ്ടത്ര ശ്രദ്ധ ഇക്കാര്യത്തിൽഉണ്ടാവേണ്ടതുണ്ട്. മേൽ അപാകതകൾക്ക് മറുപടി നൽകുന്നതിനോടൊപ്പം ആയത് പരിഹരിക്കാനുള്ള നടപടികൾ കൂടി കൈക്കൊള്ളേണ്ടതാണ്.

# 1-9 (a) വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12, 13 എന്നിവ പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി

സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാർഡ് തിരിച്ചുള്ള വസ്തു നികുതിയുടെ ഒരു സംഗ്രഹം മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയത്തിന്റെയും ആയത് ഡിമാന്റ് ചെയ്തതിന്റേയും കൃത്യത പരിശോധിക്കാൻ വേണ്ടി സാധിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(b) സേവന ഉപനികുതി- ഈടാക്കാനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് | 93437 |
| പൊതു ടാപ്പുകൾ | 357000 |
| ആകെ | 450437 |

സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കേണ്ടതുണ്ടോ എന്ന കാര്യം ഗ്രാമപഞ്ചായത്ത്/ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് പരിശോധിക്കാവുന്നതാണ് എന്ന 2017-18 വർഷത്തെ ഓഡിറ്റ് പരാമർശത്തിന്മേൽ നടപടികളൊന്നും സ്ഥാപനം സ്വീകരിച്ചതായി കാണുന്നില്ല. തനതു വരുമാനം കുറഞ്ഞ ഒരു പഞ്ചായത്ത് എന്ന നിലയിയിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-10 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പ്രോജക്ട് നം | 86/19 |
| അടങ്കൽ | 400000/- രൂപ |
| ഫണ്ട് | വികസനം. |
| ചെലവ് | 400000/- രൂപ |
| ബിൽനം/തിയ്യതി | 1/19 / 4.7.18 |

1.വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

(a) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. 08.12.2017 ന് യോഗം ചേർന്ന ശേഷം പിന്നീട് യോഗം ചേർന്നതായി കാണുന്നില്ല. ഓഡിറ്റ് വർഷത്തിൽ 31.1.2019, 28.3.2019, എന്നീ തിയ്യതികളിൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ(സാധാ)3217/201/ ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(b) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട്കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക) എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

2. പാലിയേറ്റീവ് കെയർ വാഹനം

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹനചെലവുമായി ബന്ധപ്പട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. പാലിയേറ്റീവ് കെയറിന് സ്വന്തമായി വാഹനം ഉണ്ട് എന്നാൽ ഈ വാഹനം രേഖാമൂലം എച്ച്.എം.സി.കൺവീനറായ മെഡിക്കൽ ഓഫീസർക്ക്

സെക്രട്ടറി കൈമാറിയിട്ടില്ല. ഈ വാഹനത്തിന്റെ കസ്റ്റോഡിയൻ മെഡിക്കൽ ഓഫീസറായിരിക്കേണ്ടതാണ്. വാഹനം എച്ച്.എം.സി.യുടെ പൂർണ്ണ ചുമതലയിലും ഉത്തരവാദിത്വത്തിലുമാണ് ഉപയോഗിക്കേണ്ടത്. എച്ച്.എം.സി.യുടെ കൺവീനറായ മെഡിക്കൽ ഓഫീസർക്ക് ഇക്കാര്യത്തിൽ വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. വാഹനഉപയോഗവുമായി ബന്ധപ്പെട്ട് സ.ഉ.(എം.എസ്) നം.170/07/തസ്വഭവ.തി.30.06.2007 ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വാഹനത്തിന്റെ ലോഗ് ബുക്ക് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഇത് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറ്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

3. <u>സ്പെഷ്യൽ ഒ.പി. നടത്തുന്നില്ല.</u>

ഹോം കെയർ നൽകിവരുന്ന കിടപ്പിലായ രോഗികളിൽ മരുന്നുകൾ സ്ഥിരമായി കഴിക്കേണ്ടിവരുന്ന സാമ്പത്തിക ബുദ്ധിമുട്ടുള്ള രോഗികളെ തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യേണ്ടതാണ്. ഇത്തരം രോഗികളെ പരിശോധിക്കുവാനും മരുന്ന് ലഭ്യമാക്കുവാനും മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം അതാത് ആരോഗ്യ സ്ഥാപനത്തിൽ ഏർപ്പെടുത്തണം.ഇവർക്ക് മാത്രമായുള്ള സ്പെഷ്യൽ ഒ.പി. ആഴ്ചയിൽ കുറഞ്ഞത് ഒരു ദിവസം ആരോഗ്യ സ്ഥാപനങ്ങളിൽ സജ്ജീകരിക്കേണ്ടതാണ്. സ്പെഷ്യൽ ഒ.പി ദിവസങ്ങളിൽ പാലിയേറ്റീവ് നേഴ്സിന്റെ സേവനം ഒ.പി യിൽ ഉണ്ടായിരിക്കേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-6-7 കാണുക) എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒ.പി സേവനം രോഗികൾക്ക് ഏർപ്പെടുത്തിയിട്ടില്ല.

4. <u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

(a) ഫോളോ അപ് ഹോം കെയർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

(b) പേഷ്യന്റ്സ് സ്റ്റാറ്റസ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

(c) പാലിയേറ്റീവ് നഴ്സിന്റെ അറ്റന്റൻസ് രജിസ്റ്റർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. <u>കുടുംബ സംഗമം നടത്തിയില്ല.</u>

രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടെയും കുടുംബങ്ങളുടേയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെയും വാർഷിക സംഗമം വിളിച്ച ചേർക്കാവുന്നതാണ്. എന്നാൽ ഓഡിറ്റ് വർഷം ഇത്തരത്തിൽ ഒരു സംഗമം നടത്തിയിട്ടില്ല.

<u>സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതല</u>

സ.ഉ.(സാധാ) നം 3217/2015/ത.സ്വ.ബ.വ/ 29.10.2015 ഖ.2-11-4ൽ ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ ബന്ധപ്പെട്ട കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായോ, തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-11 സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളുടേയും, സേവനങ്ങളുടേയും സമാഹരണം ക്രമപ്പെടുത്തുന്നതിനും,വാങ്ങലുകളിൽ സുതാര്യതയും, മിതവ്യയവും, ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തി, ഏറ്റവും മികച്ചതും ഗുണമേന്മയുള്ളതുമായ സാധനങ്ങളുടേയും സേവനങ്ങളുടേയും ലഭ്യത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറപ്പുവരുത്തുക എന്നതാണ് പ്രൊക്യുയർമെന്റ് മാന്വലിന്റെ ലക്ഷ്യം. ഇത് ഉറപ്പുവരുത്തുന്നതിനായാണ് സർക്കാർ ജി.ഒ (പി) 259/2010/ എൽ.എസ്.ജി.ഡി. തി.8.11.2010 പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാങ്ങലുകളിൽ ഈ ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഓരോ ഭരണ സമിതിയും ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം വാങ്ങലുകൾ നടത്തിയിരിക്കുന്നത് പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചല്ല. പ്രൊക്വർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ വാങ്ങലുകൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നത് കമ്മിറ്റിയാണെങ്കിലും മാന്വലിൽ പരാമർശിക്കുന്ന വിധത്തിലുള്ള മുഴുവൻ നടപടിക്രമങ്ങളും പാലിച്ചതായി കാണുന്നില്ല. മാത്രമല്ല ഇതുമായി ബന്ധപ്പെട്ട് രൂപീകരിക്കേണ്ട സബ്കമ്മിറ്റികളൊന്നും രൂപീകരിച്ചിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണ സമിതിയും ഈ കാര്യത്തിൽ ജാഗ്രത പുലർത്തിയിട്ടില്ല. ഭാവിയിൽ ഗ്രാമ പഞ്ചായത്തിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പ്രൊക്യുയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-12 എസ്.സി വിവാഹധനസഹായം - ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പദ്ധതി നടപ്പാക്കി

ഗ്രാമപഞ്ചായത്തിലെ എസ്.സി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 18/19 |
| അടങ്കൽ | 300000 |
| | |

| | |
|---|---|
| ഫണ്ട് | വികസനം (s.c.p) |
| ചെലവ് | 225000/- |
| ബിൽ നം. തി. | 1/19 /23.10.18 |

പദ്ധതി നിർവ്വഹണത്തിലെ അപാതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെയാണ് പദ്ധതി നടപ്പാക്കിയത്. ആസൂത്രണ പ്രക്രിയയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അംധികാരം ഗ്രാമസഭകളിൾ നിക്ഷിപ്തമാണെന്നിരിക്കേ, ഗ്രാമസഭ അറിയാതെ ഗുണഭോക്താക്കളെ തീരുമാനിക്കുന്നത് ശരിയായ നടപടിയല്ല. പദ്ധതിയുമായി ബന്ധപ്പെട്ട് വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച നടന്നതായി കാണുന്നില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/18-19) ഹാജരാക്കിയ മറുപടിയിൽ, ഗുണഭോക്തൃ ലിസ്റ്റ് 2019-20 വർഷത്തെ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികളിലെ ഗുണഭോക്തൃ ലിസ്റ്റുകൾ അതാത് വർഷങ്ങളിൽ നടക്കുന്ന ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിയുടെ മോണിറ്ററിംഗ്/പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 225000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-13 അങ്കണവാടികളിൽ ഡൊമസ്റ്റിക് ഗ്യാസ് കണക്ഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല

2010–11 വർഷത്തിലാണ് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾക്ക് ഗ്യസ് കണക്ഷൻ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കിയത്. ധീര ഗ്യസ് ഏജൻസി പേരാമ്പ്ര മുഖേന യാണ് കണക്ഷൻ നൽകിയിരിക്കുന്നത്. കച്ചവട സ്ഥാപനങ്ങൾക്ക് നൽകിവരുന്ന കമേഴ്സ്യൽ കണക്ഷനാണ് അങ്കണവാടികൾക്ക് നൽകിയിരിക്കുന്നത്. ഇതിനാൽ പഞ്ചായത്തിലെ 17 അങ്കണവാടികളിൽ ഗ്യസ് റീഫിൽ ചെയ്യുന്നതിനായി അധിക തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഓഡിറ്റ് വർഷം ഗ്യാസ് റീഫിൽ ചെയ്യുന്നതിന് 42795/-രൂപ ചെലവാക്കിയിട്ടുണ്ട്. കണക്ഷനുകൾ ഡൊമസ്റ്റിക് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/18-19) ഐ.സി.ഡി എസ് സൂപ്പർവൈസർ നൽകിയ മറുപടിയിൽ, ഡൊമസ്റ്റിക് കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലോ ചർച്ചകൾ നടന്നതായി കാണുന്നില്ല. അങ്കണവാടികളിൽ ഡൊമസ്റ്റിക് കണക്ഷൻ ലഭ്യമാക്കുന്ന

വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

# 1-14 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല.

ഓഡിറ്റ് വർഷം ചെറുകിട – പരമ്പരാഗത തൊഴിൽ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഇത്തരം പദ്ധതികൾ മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ സാധിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1) ാം ഉപവകുപ്പ് 3 ാം പട്ടിക സി. പ്രകാരം ദരിദ്രരെ കണ്ടെത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. ഓഡിറ്റ് വർഷം ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മൂന്ന് തവണ യോഗം ചേർന്ന് വിവിധ പദ്ധതികളുടെ പ്രപ്പോസലുകൾ തയ്യാറാക്കിയിരുന്നെങ്കിലും ഇതെല്ലാം നടപ്പാക്കാതെ പോവുകയാണുണ്ടായത്. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/18-19) വി.ഇ.ഒ ഹാജരാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിൽ തനത് ഫണ്ടും വികസനഫണ്ടും അപര്യാപ്തമായതിനാലാണ് ഇത്തരം പദ്ധതികളേറ്റെടുത്ത് നടപ്പാക്കാൻ കഴിയാത്തതെന്ന് അറിയിച്ചിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. ദാരിദ്ര്യ ലഘൂകരണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതികളേറ്റെടുത്ത് നടത്താൻ ചുമതലപ്പെട്ട കുടുംബശ്രീ സംവിധാനം ഈ വിഷയത്തിൽ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-15 ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് കച്ചവടസ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് വാഹന വാടക നൽകുന്നതിന് പദ്ധതിപ്പണം വിനിയോഗിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനും, കച്ചവടസ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനും വാഹനവാടക നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| | |

| | |
|---|---|
| പ്രോജക്ട് നം. | 87/ 19 |
| അടങ്കൽ | 28000 |
| ഫണ്ട് | വികസനം |
| ചെലവ് | 27450/- |
| ബിൽ നം. തി. | 1/18-19 /23.3.2019 |

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യ വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യുന്നതിന് വാഹനവാടക ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തിയ്യതി | തുക |
|---|---:|
| 24.7.2018 | 750 |
| 24.11.18 | 700 |
| 24.12.18 | 700 |
| 24.01.2019 | 900 |
| 23.02.19 | 750 |
| 21.03.19 | 750 |
| ആകെ | 4550 |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖകളിൽ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള ചെലവുകൾ ഏറ്റെടുത്ത് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. മാത്രമല്ല ഫീൽഡ് തല ജോലികൾ നിർവ്വഹിക്കേണ്ടി വരുന്ന ഉദ്യോഗസ്ഥർക്ക് പി.സി.എ (പെർമെനന്റ് കൺവെയൻസ് അലവൻസ്) ശമ്പളത്തോടൊപ്പം നൽകിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് തല ജീവനക്കാർ അവരുടെ ദൈനംദിന ജോലിയുടെ ഭാഗമായി ചെയ്യേണ്ട കാര്യങ്ങൾക്ക് വികസന ഫണ്ട് ഉപയോഗിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നത് ശരിയായ നടപടിയല്ല. ചെലവ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-16 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്രവികസനം - ബഡ്സ്

## സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചില്ല

ഗ്രമപഞ്ചായത്തിലെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.07.2009 ലെ ജി.ഒ (എം. എസ്)നം.148/2009/ തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനായി ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളിൽനിന്ന് സഹായം സ്വീകരിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ നിലവിൽ ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന മുപ്പതിലധികം വിദ്യർത്ഥികളുണ്ട്. ഇവർ സമീപ പഞ്ചായത്തുകളിലെ ബഡ്സ് സ്കൂളുകളിലാണ് ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത്.ഇവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. സമൂഹത്തിൽ ഏറ്റവും പരിഗണനയർഹിക്കുന്ന ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ഗ്രാമപഞ്ചായത്തിൽ തന്നെ പഠനസൗകര്യം ഒരുക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ നാളിതുവരെ ഇതിനുള്ള ശ്രമങ്ങൾ ഗ്രാമ പഞ്ചായത്ത് നടത്തിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/18-19) സെക്രട്ടറി നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലലഭ്യതയില്ലാത്തതും, ഫണ്ടിന്റെ അപര്യാപ്തതയുമാണ് ഇത്തരം പദ്ധതികളേറ്റെടുക്കുന്നതിന് തടസ്സമാകുന്നതെന്നും ഫണ്ടും സ്ഥലവും ലഭിക്കുന്നമുറയ്ക് പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പൊതുഗതാഗത സൗകര്യങ്ങൾ കുറവായതും, ഉൾഗ്രമങ്ങളിൽ സ്ഥിതിചെയ്യുന്നതുമായ ഇത്തരം പ്രദേശങ്ങളിൽനിന്നും ദൂരെയുള്ള സ്കൂളുകളിൽ എത്തിച്ചേരുക എന്നത് മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടേറിയ കാര്യമാണ്. ആയതിനാൽ ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 വികസനഫണ്ട് തനത്ഫണ്ടിലേക്ക്

# വകമാറ്റി

പ്രൊജക്ട് നമ്പർ - 16/2019

വകയിരുത്തിയ തുക - 31689

ചെലവ് - 24000 (ബിൽ നം.101524307/27.03.2019 )

കായണ്ണ ബസാറും പരിസരവും വൃത്തിയാക്കി മാലിന്യങ്ങൾ നീക്കം ചെയ്തതിന് ജാനു, ശങ്കരശൻ വീട്ടിൽ എന്നവർക്ക് മസ്റ്റർ റോൾ പ്രകാരം പ്രതിമാസം 2000 (8 ദിവസം x250രൂപ) രൂപ വീതം തനതുഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് പ്രൊജക്ട് വെച്ച് തനത് ഫണ്ടിലേക്ക് 27.03.2019 ന് റീകപ്പ് ചെയ്തതായി കാണുന്നു. ആവർത്തന ചെലവായ കണ്ടിജന്റ് ചെലവുകൾക്ക് ചെലവഴിച്ച തുക വികസന ഫണ്ടിൽ നിന്ന് വക മാറ്റിയ നടപടി ശരിയല്ല.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ മേൽ പ്രൊജക്ട് നിർദ്ദേശം ചർച്ച ചെയ്തതായി കാണുന്നില്ല. 14.02.2018 ലെ 22/2018 തസ്വഭവ ധനവിനിയോഗ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് വകസനഫണ്ട് വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

# 1-18 കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം പഞ്ചായത്തിനു നഷ്ടം സംഭവിച്ചു

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ ഒരു പ്രവൃത്തിക്ക് ടെണ്ടർ സ്വീകരിച്ചതും കരാർ വച്ചതും 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാവല്യത്തിലുള്ള 42.16%നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. എന്നാൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 37.25% ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തി ടെണ്ടർ നടത്തി ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും, പ്രവൃത്തികളുടെ കാര്യത്തിൽ അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തിയിൽ അധികച്ചെലവുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തി | കരാർ തീയതി | ആകെ ചെലവ് (ബിറ്റുമെൻ ഇനം ഒഴികെ) | അവസാന ബിൽ തുക,ബിൽ നം തീയതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | 105/19കോളനിമുക്ക് കല്ലാനി മല റോഡ് | 22-2-2018 | 396,242 | 396,242/- (3/29-05-2018) |
| | | | | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്. അധികനിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകുകവഴി പഞ്ചായത്തിന് അധികമായി ചെലവഴിക്കേണ്ടി വന്ന തുക നിർണയിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-19 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമ പഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ തുടർവർഷങ്ങളിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതാണ്. മോണിട്ടറിംഗ് സമിതി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

# 1-20 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 25/19 |
| | |

| | |
|---|---|
| അടങ്കൽ | 300000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 300000/- |
| ബിൽ നം. തി. | 3/11.08.2018 |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.07.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദമായ പ്രൊജക്ടുകളുടെ രൂപരേഖയോ വിശദമായ വിനിയോഗ സാക്ഷ്യപത്രമോ ഇല്ലാതെ കൃത്യമായ മോണിട്ടറിംഗ് സാധ്യമാവുകയില്ല.

മേൽ അപാകതകൾ കാരണം 300000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-21 വലിയ സൌകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും നൽകി - പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക്

കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
5. മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്
6. വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു.ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ്വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്.മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്.

ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.അപാകതകൾ പരിഹരിക്കുന്നതിനും ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിനുമായി എൽ എസ് ജി ഡി ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽ പെടുത്തി അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ഫലവും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-22 ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ :അപാകതകൾ

**1)**പ്രവൃത്തി : മാണിക്കോത്ത്-കട്ടിക്കണ്ടി നടപ്പാത

പ്രൊജക്ട് നമ്പർ : 99/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

ബിൽ നമ്പർ,തുക : 5/29-05-2018, 97,011 /-

കൺവീനർ : എം.കെ.രാഘവൻ

**2)**പ്രവൃത്തി :വെള്ളപ്പാലം കണ്ടി-കണ്ണിപ്പൊയിൽ റോഡ് നവീകരണം

പ്രൊജക്ട് നമ്പർ : 98/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

ബിൽ നമ്പർ,തുക : 4/29-05-2018, 87,744 /-

കൺവീനർ : ബാലകൃഷണൻ

**എ)**സർക്കുലർ നമ്പർ. 1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയ്യതി.13-11-2014 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുമ്പോൾ കമ്മറ്റിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് ആ തുകയാണ് കമ്മറ്റിക്ക് നൽകേണ്ടത്. ഇതിനായി വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനത്തിന് ആധികാരികമായ മസ്റ്റർ റോൾ, യന്ത്ര സാമഗ്രികളുടെ വാടക എന്നിവയെ അധികരിച്ച വൗച്ചറുകളെ അടിസ്ഥാനപ്പെടുത്തി വരവു ചെലവു കണക്ക് തയ്യാറാക്കി സമർപ്പിച്ച് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് എന്ന് പരിശോധിച്ച് വേണ്ടിയിരുന്നു ബിൽ തുക നൽകാൻ.എന്നാൽ ഇവിടെ ഗുണഭോക്തൃ സമിതി വൗച്ചറുകളെ അടിസ്ഥാനപ്പെടുത്തി വരവു ചെലവു കണക്ക് തയ്യാറാക്കി അവതരിപ്പിക്കുകയുണ്ടായിട്ടില്ല.

**ബി)** പ്രവൃത്തിയുടെ ആവശ്യത്തിലേക്കായി കമ്മറ്റി ചെയർമാൻ,കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് തുടങ്ങി ആ അക്കൌണ്ടിലൂടെ വേണം എല്ലാ വരവു ചെലവുകളും നടത്തേണ്ടത്. എന്നാൽ ഇവിടെ രണ്ടു പ്രവൃത്തികളിലും അത്തരത്തിൽ ഒരു അക്കൌണ്ട് തുടങ്ങിയിട്ടില്ല.ആദ്യ പ്രവൃത്തിയുടെ ബിൽ തുക 97,011 /-രൂപ നൽകിയത് കൺവീനർ എം.കെ.രാഘവന്റെ പേരിലുള്ള 13230100102829 (IFS code. FDRL0001323) എന്ന സ്വകാര്യ അക്കൌണ്ട് നമ്പറിലേക്കും രണ്ടാം പ്രവൃത്തിയുടെ ബിൽ തുക87,744 /-രൂപ നൽകിയത് കൺവീനർ ബാലകൃഷ്ണന്റെ പേരിലുള്ള 40144100311510 (IFS code. KLGB0040144) എന്ന സ്വകാര്യ അക്കൌണ്ട് നമ്പറിലേക്കുമാണ്.

മേൽ അപാകതകൾ കാരണം184,755/-രൂപയുടെ (97,011+ 87,744) ചെലവ് തടസ്സത്തിൽ വെക്കുന്നു.ബിൽ തുക കമ്മറ്റികളുടെ അക്കൌണ്ടിലേക്ക് വരവു വന്നുവെന്നും അതിൽ നിന്നുമാണ് കമ്മറ്റിക്ക് ചെലവായ തുകകൾ ചെലവഴിച്ചതെന്നും തെളിയിക്കുന്ന ആധികാരിക രേഖകൾ ഹാജരാക്കിയും, ചെലവ് രേഖകൾ പരിശോധിച്ച് കമ്മറ്റിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് എന്ന് പരിശോധിച്ചുറപ്പുവരുത്തേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന

# ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

– ഇല്ല –

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് കച്ചവടസ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് വാഹന വാടക നൽകുന്നതിന് പദ്ധതിപ്പണം വിനിയോഗിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനും, കച്ചവടസ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനും വാഹനവാടക നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പ്രോജക്ട് നം. | 87/ 19 |
| അടങ്കൽ | 28000 |
| ഫണ്ട് | വികസനം |
| ചെലവ് | 27450/- |
| ബിൽ നം. തി. | 1/18-19 /23.3.2019 |

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യ വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥർക്ക് യാത്രചെയ്യുന്നതിന് വാഹനവാടക ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തിയ്യതി | തുക |
|---|---|
| 24.7.2018 | 750 |
| 24.11.18 | 700 |
| 24.12.18 | 700 |
| 24.01.2019 | 900 |
| 23.02.19 | 750 |
| 21.03.19 | 750 |
| ആകെ | 4550 |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖകളിൽ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള ചെലവുകൾ ഏറ്റെടുത്ത് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. മാത്രമല്ല ഫീൽഡ് തല ജോലികൾ നിർവ്വഹിക്കേണ്ടി വരുന്ന ഉദ്യോഗസ്ഥർക്ക് പി.സി.എ (പെർമെനന്റ് കൺവെയൻസ് അലവൻസ്) ശമ്പളത്തോടൊപ്പം നൽകിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് തല ജീവനക്കാർ അവരുടെ ദൈനംദിന ജോലിയുടെ ഭാഗമായി ചെയ്യേണ്ട കാര്യങ്ങൾക്ക് വികസനഫണ്ട് ഉപയോഗിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നത് ശരിയായ നടപടിയല്ല. ചെലവ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2018-19 | 19/07/2019മുതൽ 20/07/2019 വരെ | നം.കെ.എസ്.എ.കെ.കെ.ഡി/ഇ2/ 887/2019(24) തീ.03/08/2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 75000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 75000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | മിൽക്ക് ഇൻസെന്റീവ് | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 150000 | നെൽകൃഷി- കൂലിചെലവ് | 150000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | മിൽക്ക് ഇൻസെന്റീവ് | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 125000 | നെൽകൃഷി- കൂലിചെലവ് | 125000 | - |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വർഷം | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| ജലസേചനവകുപ്പ് | കായണ്ണബസാർ ലക്ഷംവീട് റോഡ് ടാറിംഗ് | 2018-19 | 300000 | 300000 | - |
| കെ.എസ്.ഇ.ബി | കായണ്ണ ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 2018-19 | 769250 | 769250 | - |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4906365 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധത | 207/09/ ത.സ്വ.ഭ.വ07/11/ 2009,306/09 തീ07.12.11 | 8775000 | 1550168 | 710687 | - | 839481 |
| ലൈഫ് ഭവന പദ്ധതി | | 18803665 | - | - | - | 18803665 |
| ആകെ | | | | | | 19643146 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇ.എം.എസ് ഹോസ്പിറ്റൽ ഷെയർ | 09.09.2014 | - | 10000 | |
| ആകെ | | | | 10000 | |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000- | ലഭ്യമല്ല | 2004-05 | 11.1.3.20.117 | നികുതി | നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 02 | | (പൊതുപരാമർശം) | | പിരിവിൽ അലംഭാവം | |
| 2017-18 | 3-3 | 2016-17 | 1-11-1.161 | TSB ഫണ്ട് ലഭിയ്ക്കുന്നില്ല. | നിലനിൽക്കുന്നു. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 64493278 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61621877 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4550 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,09,755 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4550 | ഡോ.ജീജ.കെ.എൻ,<br>മെഡിക്കൽ ഓഫീസർ, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 225000 | ശ്രീമതി.പ്രസന്നകുമാരി അമ്മ,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 300000 | ശ്രീ.ശശി,<br>ഹെഡ്മാസ്റ്റർ |
| 1-22 | 184755 | ശ്രീ.അജിത്കുമാർ.ഇ.ടി<br>അസിസ്റ്റന്റ് എഞ്ചിനീയർ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

- ഇല്ല -

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

- ഇല്ല -

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ജീജ കെ.എൻ,<br>മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, കായണ്ണ | പാണൻചാട്ടിൽ വീട്,<br>കാപ്പാട്.പി.ഒ,<br>കോഴിക്കോട് ജില്ല |
| അജിത്കുമാർ ഇ.ടി.<br>അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | ഇടച്ചേരിമറ്റം,<br>ഇരുമ്പയം,<br>തലയോലപറമ്പ്,<br>കോട്ടയം,686605 |

| | | |
|---|---|---|
| പ്രസന്നകുമാരി അമ്മ,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>നരിക്കുനി ഗ്രാമപഞ്ചായത്ത് | ശ്രേയസ് -വീട്,<br>എരവന്നൂർ പി.ഒ,<br>6735285 |
| ശശി,<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ,<br>ജി.യു.പി.എസ്, കായണ്ണ | അരങ്ങ്,<br>കുട്ടോത്ത്-പി.ഒ,<br>മേപ്പയ്യൂർ -വഴി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18 തീ. 20.02.2018 | 1 | 2-1 |
| 2000-01 (പദ്ധതി ചെലവ്) | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(1) തീ. 20.02.2018 | 1 | 2 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(2) തീ. 20.02.2018 | 2 | 3-5, 4-1 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(4) തീ.20.02.2018 | 1 | 3-6 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(5) തീ.20.02.2018 | 2 | 3-5, 3-6 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(6) തീ.20.02.2018 | 4 | 2-2, 2-3, 3-6, 3-7 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(7) തീ.20.02.2018 | 3 | 2-4, 3-3, 3-6 |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(8) തീ.20.02.2018 | 3 | 3-1,3-2, 3-5, 3-6 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(9) തീ. 20..02.2018 | 3 | 3-1, 3-2, 3-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(10) തീ.20.02.2018 | 5 | 2-4,3-1, 3-2, 3-3, 3-7 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി. പി4/262/13 തീ. 15.11.2013 | 21 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-10, 3-12, 3-13, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-25, 4-3, 4-5 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി. പി4/618/15 തീ. 23.11.2015 | 10 | 1-3, 3-1(1), 3-1(2), 3-1(3), 3-2, 3-3, 3-5(2), 3-7, 3-9, 4-1 |
| 2013-14, 14 – 15 | കെ.എസ്.എ.കെ.കെ.ഡി. പി4/1386/16 തീ.21.03.2017 | 23 | 2-1, 2-2, 3-1, 3-2(1), 3-2(2), 3-3, 3-4, 3-5, 3-6, 3-7(1), 3-7(2), 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി4/1943/16 തീ. 21.03.2017 | 18 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി4/2118/17 തീ. 28.02.2018 | 7 | 2-1(1), 3-1, 3-2, 3-3, 3-4, 3-5, 3-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി4/2700/18 തീ. 07.01.2019 | 19 | 2-1,2-2,2-3, 2-4,2-5,3-1, 3-2,3-3,3-4,3-5, 3-9(2),3-10,3-11, 3-12,3-13,3-14,3-15, 3-16,4-10 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

# അനുബന്ധം

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.8/1816/19 തിയതി:12.11.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4,1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 -ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-3 കാണുക) ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്